**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1729** **16-10-2026-ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ താമസ സൗകര്യങ്ങളും സുരക്ഷാ ക്രമീകരണങ്ങളുടെ ശോചനീയാവസ്ഥയും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** ദേശീയപാത നിർമ്മാണം മുതലായ വിവിധ തൊഴിലുകൾക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നവരുടെ കണക്കുകൾ ശേഖരിക്കാനും അവരുടെ ക്ഷേമം ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

**മറുപടി:**

അതിഥി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ ഉറപ്പുവരുത്തുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായും വിവിധ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്, സമ്പർക്ക ക്ലാസ്സുകൾ, പരസ്യ പ്രചാരണങ്ങൾ, ഹ്രസ്വ ചിത്രങ്ങളുടെ പ്രദർശനം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്കരണ പദ്ധതി മുതലായവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓരോ വർഷവും സംഘടിപ്പിച്ചുവരുന്നുണ്ട്.

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും വിശദാംശങ്ങൾ ശേഖരിക്കുന്നതും പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. അതിഥി പോർട്ടൽ/അതിഥി ആപ്പ് മുഖേന സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടന്നുവരുന്നു. ആയതിൽ നാളിതുവരെയായി 4,86,337 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിനായി എത്തുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ്, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവ ലക്ഷ്യമാക്കി 2017-18 സാമ്പത്തിക വർഷത്തിൽ കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ആവാസ്. 18 നും 60 നുമിടയിൽ പ്രായമുള്ള അതിഥി തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി വിഭാവനം ചെയ്തത് പ്രകാരം 5,16,320 അതിഥി തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിന്നും 25,000/- രൂപ വരെയുള്ള ചികിത്സാസഹായവും 2 ലക്ഷം രൂപ അപകട ഇൻഷ്വറൻസും 1 ലക്ഷം രൂപ ഡിസബിലിറ്റി ഇൻഷ്വറൻസും ലഭിക്കുന്നതിന് പുറമെ മെറ്റേണിറ്റി സംബന്ധമായ ചികിത്സയ്ക്കും പദ്ധതിയിൽ അംഗമാകുന്നവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

കൂടാതെ അതിഥി തൊഴിലാളികൾക്കായി 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. അതിഥി തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ യാത്രസംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശം നൽകുക, നിർമ്മാണ മേഖലയിൽ ജോലിയ്ക്കിടെ അപകടത്തിൽപ്പെട്ട അതിഥി തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽ നിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ സഹായം നൽകുക, അർഹതപ്പെട്ട

| |
|---|
| നിയമപരിരക്ഷയെക്കുറിച്ച് ബോധവൽക്കരണം നടത്തുക തുടങ്ങിയ സേവനങ്ങൾ ഫെസിലിറ്റേഷൻ സെന്റർ മുഖേന നൽകിവരുന്നുണ്ട്. ടി സെന്ററുകളിൽ ഇതരഭാഷകളിൽ പ്രാവിണ്യമുള്ള ഫെസിലേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. |
| |

**(ബി)** കരാർ കമ്പനികൾ പ്രസ്തുത തൊഴിലാളികളെ വളരെ മോശം സാഹചര്യത്തിൽ താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം അതിഥി തൊഴിലാളി ക്യാമ്പുകൾ, കെട്ടിട നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുമ്പോൾ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കൂടാതെ അടിസ്ഥാന സൗകര്യങ്ങളിലോ, പരിസര ശുചിത്വത്തിലോ മറ്റേതെങ്കിലും രീതിയിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കരാറുകാർക്കെതിരെ നോട്ടീസ് നൽകുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**(സി)** അതിഥി തൊഴിലാളികളിലെ ഒരു വിഭാഗം പേർ അമിതമായ ലഹരി ഉപയോഗത്തിന് അടിമകളാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളും ലഹരി ഉപയോഗവും വിൽപ്പനയും വർധിച്ചുവരുന്ന സാഹചര്യത്തിൽ, പ്രസ്തുത തൊഴിലാളികൾ നിയമപരമായി ജോലി ചെയ്യുന്നവരാണെന്നും രജിസ്റ്റർ ചെയ്തവരാണെന്നും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിയമപരവും ഭരണപരവുമായ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ Athidhi Portal ആരംഭിച്ചിട്ടുള്ളതും തൊഴിലുടമകൾ, കോൺട്രാക്ടർമാർ, തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾ എന്നിവർ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ, തിരിച്ചറിയൽ രേഖകൾ, ഉൾപ്പെടെ ഈ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കോൺട്രാക്ടർമാരുടെയും തൊഴിലുടമകളുടെയും രജിസ്ട്രേഷൻ കർശനമായി നടപ്പാക്കുകയും തൊഴിൽ വകുപ്പ് നിരന്തര പരിശോധനകൾ നടത്തുകയും ചെയ്യുന്നു. നിയമവിരുദ്ധമായി ജോലി ചെയ്യുന്നതായോ രജിസ്റ്റർ ചെയ്യാത്തവരായോ കണ്ടെത്തുന്ന തൊഴിലാളികളുടെ കാര്യത്തിൽ ഉത്തരവാദികളായ തൊഴിലുടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നു.

ആരോഗ്യം, പോലീസ്, എക്സൈസ്, തൊഴിൽ വകുപ്പ് എന്നിവ സംയുക്തമായി തൊഴിൽ കേന്ദ്രങ്ങളിലും താമസ ക്യാമ്പുകളിലും നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും തിരിച്ചറിയൽ രേഖകളുടെ പരിശോധന, പോലീസ് വെരിഫിക്കേഷൻ, മയക്കുമരുന്ന്/ലഹരി വിരുദ്ധ പ്രത്യേക ഡ്രൈവുകൾ (ലഹരി വിരുദ്ധ ബോധവൽക്കരണം ഉൾപ്പെടെ) എന്നിവ നടത്തിവരികയും ചെയ്തുവരുന്നു.

**(ഡി)** ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തൊഴിലാളികളാണ് മരണപ്പെട്ടിട്ടുള്ളത്; ഇത്തരത്തിൽ അപകടമരണങ്ങൾ ഉണ്ടാകുമ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

**മറുപടി:** ദേശീയപാത 66 നിർമ്മാണവുമായി ബന്ധപ്പെട്ട് 7 തൊഴിലാളികളാണ് മരണപ്പെട്ടിട്ടുള്ളത്.

കൊല്ലം ജില്ലാ ലേബർ ഓഫീസിന്റെ പരിധിയിൽ 2 അതിഥി തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ടെന്നും ആശ്രിതർക്ക് കമ്പനി നഷ്ടപരിഹാരം നൽകുകയും മൃതദേഹം നാട്ടിൽ എത്തിയ്ക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കേസുകളിൽ ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമോ കുടിയേറ്റ ക്ഷേമനിധി പ്രകാരമോ ഉള്ള ധനസഹായങ്ങൾ നൽകുന്നതിന് ആശ്രിതർ അപേക്ഷകൾ സമർപ്പിച്ചിട്ടില്ല.

തൃശ്ശൂർ, ചാവക്കാട് ഭാഗത്ത് ദേശീയപാത 66 ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ചാവക്കാട് മേഖലയിൽ മൂന്ന് തൊഴിലാളികൾ അപകടത്തിൽ മരണപ്പെടുകയും ഇവരിൽ രണ്ട് പേർ റോഡ് അപകടത്തിലും മറ്റൊരാൾ ജോലി ചെയ്യുന്ന സമയത്ത് ഫ്ലൈ ഓവറിൽ നിന്നും വീണുമാണ് മരണപ്പെട്ടിട്ടുള്ളത്. ദേശീയപാത സംബന്ധിച്ച് അപ്രോപ്രിയേറ്റ് അതോറിറ്റി കേന്ദ്ര ഗവൺമെന്റ് ആയതിനാൽ ഈ 3കേസുകളിലും സെൻട്രൽ ലേബർ കമ്മീഷണർ പരിശോധന നടത്തി ഇൻഷ്വറൻസ് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയുന്നു.

കാസറഗോഡ് ജില്ലാ ലേബർ ഓഫീസിന്റെ പരിധിയിൽ ദേശീയപാത 66 നിർമ്മാണവുമായി ബന്ധപ്പെട്ട് 2 അതിഥി തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. ടി കേസുകളിലും ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമോ കുടിയേറ്റ ക്ഷേമനിധി പ്രകാരമോ ഉള്ള ധനസഹായങ്ങൾ നൽകുന്നതിന് ആശ്രിതരിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടില്ല.

**(ഇ)** വിവിധ നിർമ്മാണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തൊഴിലാളികൾക്കായി രൂപീകരിച്ചിട്ടുള്ള ചിസ് പ്ലസ് പദ്ധതിയിലൂടെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിന്നും 25,000/-രൂപ വരെയുള്ള ചികിത്സാസഹായവും 2 ലക്ഷം രൂപ അപകട ഇൻഷ്വറൻസും 1 ലക്ഷം രൂപ ഡിസബിലിറ്റി ഇൻഷ്വറൻസും മെറ്റേണിറ്റി സംബന്ധമായ ചികിത്സയ്ക്കുള്ള ആനുകൂല്യങ്ങളും പദ്ധതിയിൽ അംഗമാകുന്നവർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**